ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ജനങ്ങളും ജനാധിപത്യവുമാണ് ഇന്ത്യയുടെ ഏറ്റവും വലിയ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 16-ാമത് റോസ്ഗാർ മേളയിൽ രാജ്യത്ത് 5,1000 ൽ അധികം പേർക്കുള്ള നിയമന കത്തുകൾ വിതരണം ചെയ്തു.

   **People and democracy are the greatest strength of India says PM Narendra Modi; PM distributes over 51,000 appointment letters to newly recruited in govt departments under Rozgar Mela**

2. കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വികസനത്തിലൂടെ മാത്രമേ വികസിത ഇന്ത്യ എന്ന സങ്കല്പം സാധ്യമാകൂവെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രിഅമിത് ഷാ;

   **Union Home Minister Amit Shah says that Viksit Bharat is possible only through the development of South Indian states including Kerala.**

3. അഹമ്മദാബാദ് വിമാന അപകടത്തിന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് പുറത്തു വിട്ടു; രണ്ട് എഞ്ചിനുകളിലേക്കുമുള്ള ഇന്ധന വിതരണം അതിവേഗം തടസ്സപ്പെട്ടുവെന്ന് റിപ്പോർട്ട്.

**Preliminary report of investigation into Air India plane crash reveals, fuel supply to both engines was cut off soon after takeoff.**

4. കേരളത്തിൽ നിപ ഭീതി ഒഴിയുന്നു. പാലക്കാട് ജില്ലയിൽ തച്ചനാട്ടുകര, കരിമ്പുഴ പഞ്ചായത്തുകളിലെ നിയന്ത്രണങ്ങൾ പിൻവലിച്ചു.

   **Nipah scare in Kerala is over; Restrictions lifts in Thachanattukara and Karimbuzha in Palakkad district.**

5. ഇന്ത്യ- ഇംഗ്ലണ്ട് മൂന്നാം ടെസ്റ്റിന്റെ മൂന്നാം ദിനമായ ഇന്ന്, ഇന്ത്യ ഒന്നാം ഇന്നിംഗ്സ് ബാറ്റിങ് പുനരാരംഭിക്കും.

   **Today, the third day of the India–England third Test, India will resume batting in the first innings.**

&&&&&&&&&&&&&&&&&

**HEADLINE-1**

**PM – ROZGAR MELA (INTRO)**

*യുവാക്കളെ ശാക്തീകരിക്കുന്നതിനും ഒരു വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിലുമുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് റോസ്ഗർ മേള പ്രതിഫലിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 16-ാ-മത് ദേശീയ തല റോസ്ഗർ മേളയുടെ ഭാഗമായി വിവിധ സർ ക്കാർ വകുപ്പുകളിൽ നിയമിതരായ 51,000ത്തിലധികം യുവാക്കൾക്ക് ഓൺലൈനായി നിയമന കത്തുകൾ വിതരണം ചെയ്യു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളും ജനാധിപത്യവു രാജ്യത്തിന്റെ സുപ്രധാന ശക്തികളെന്ന് ഇന്ന് ലോകം അംഗീകരിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു,*

*(ഹോൾഡ്-വോയ്സ്)*

***യുവാക്കൾ ഇപ്പോൾ രാഷ്ട്രനിർമ്മാണത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. സ്വകാര്യ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് തെളിവാണ് സർക്കാർ അടുത്തിടെ അംഗീകാരം നൽകിയ തൊഴിൽ ബന്ധിത പ്രോത്സാഹന പദ്ധതി എന്നും ശ്രീ മോദി ചൂണ്ടിക്കാട്ടി. രാജ്യത്തുടനീളമുള്ള 47 സ്ഥലങ്ങളിലാണ് 16-ാമത് റോസ്ഗർ മേള നടന്നത്.***

&&&&&&&&&&&&&&&&&&

**ROZGARMELA - KERALAM**

റോസ്ഗർ മേളയുടെ ഭാഗമായി കേരളത്തിൽ പാലക്കാട് നടന്ന പരിപാടി നഗരസഭ അധ്യക്ഷ പ്രമീള ശശിധരൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വിവിധ മന്ത്രാലയങ്ങളിൽ പുതുതായി നിയമിതരായവർക്ക് നിയമന കത്തുകൾ കൈമാറി.

ദക്ഷിണ റെയിൽവേയുടെ ആതിഥേയത്വത്തിൽ തിരുവനന്തപുരത്ത് നടന്ന മേള ഡിവിഷണൽ റെയിൽവേ മാനേജർ മനീഷ് തപ്ല്യാൽ ഉദ്ഘാടനം ചെയ്തു. പുതുതായി നിയമിക്കപ്പെട്ട 25 ഉദ്യോഗാർത്ഥികൾക്ക് നിയമന കത്തുകൾ കൈമാറി.

&&&&&&&&&&&&&&&&&&

**ROZGAR MELA- MoS**

2047 ഓടെ രാജ്യം വികസിത ഭാരതത്തിലേക്ക് നീങ്ങുകയാണെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുഗൻ . ഇന്ന് തമിഴ്നാട്ടിലെ പെരമ്പൂരിൽ ഇൻറഗ്രൽ കോച്ച് ഫാക്ടറിയിൽ റോസ്ഗർ മേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാ മേഖലകളിലും ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളുള്ള വികസിത ഇന്ത്യയെക്കുറിച്ചുള്ള ദീർഘകാല വീക്ഷണം പ്രധാനമന്ത്രി നരേന്ദ്ര മോദിക്കുണ്ടെന്ന് കേന്ദ്ര സഹ മന്ത്രി പറഞ്ഞു. 2014 മുതൽ ഇന്ത്യൻ റെയിൽവേ അഭൂതപൂർവമായ വളർച്ച കൈവരിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ആറ് മാസത്തിനുള്ളിൽ മുംബൈയിൽ നിന്ന് അഹമ്മദാബാദിലേക്കുള്ള സർവീസ് ആരംഭിക്കുമ്പോൾ ബുള്ളറ്റ് ട്രെയിൻ എന്ന സ്വപ്നം യാഥാർത്ഥ്യമാകുമെന്നും കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

## HEADLINE-2

## DAY AMIT SHAH-KERALA VISIT (INTRO)

*വികസിത ഇന്ത്യ എന്ന ലക്ഷ്യം വികസിത കേരളത്തിലൂടെ സാധ്യമാകുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ദക്ഷിണേന്ത്യ വികസിക്കാതെ ഈ ലക്ഷ്യം കൈവരിക്കാൻ സാധിക്കില്ലെന്നും കേന്ദ്ര മന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് പുത്തരിക്കണ്ടം മൈതാനിയിൽ നടക്കുന്ന ബി ജെ പി വാർഡുതല നേതൃസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്രമന്ത്രി ജോർജ് കുര്യൻ, ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, മുൻ കേന്ദ്ര മന്ത്രി വി. മുരളീധരൻ, മുതിർന്ന നേതാക്കൾ ഉൾപ്പെടെയുള്ളവർ സന്നിഹിതരായിരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ റവന്യൂ ജില്ലകളിലെ അയ്യായിരം വാർഡ് സമിതികളിലെ 25,000 പേരാണ് നേതൃസംഗമത്തിൽ പങ്കെടുക്കുന്നത്. തിരുവനന്തപുരം അരിസ്റ്റോ ജംഗ്ഷനിൽ കെ ജി മാരാർ മന്ദിരമെന്ന് പേരിട്ടിരിക്കുന്ന ബിജെപി സംസ്ഥാന ഓഫീസ് ശ്രീ അമിത് ഷാ നേരത്തെ ഉദ്ഘാടനം ചെയ്തിരുന്നു. സംസ്ഥാന ഓഫീസിന് മുന്നിൽ അദ്ദേഹം വൃക്ഷത്തൈ നട്ടു. ബി ജെ പി സംസ്ഥാന ഓഫീസിന്റെ നടുത്തളത്തിൽ സ്ഥാപിച്ച പാർട്ടി മുൻ സംസ്ഥാന അധ്യക്ഷൻ കെ.ജി മാരാരുടെ അർധകായ വെങ്കല പ്രതിമ കേന്ദ്ര ആഭ്യന്തരമന്ത്രി അനാച്ഛാദനം ചെയ്തു.*

*(വോയിസ്)*

&&&&&&&&&&&&&&&&&&

## AMIT SHAH - KANNUR VISIT

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷായുടെ കണ്ണൂർ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്ര ദർശനവുമായി ബന്ധപ്പെട്ട് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിന് സമീപവും, തളിപ്പറമ്പിലും സുരക്ഷാക്രമീകരണങ്ങൾ ശക്തമാക്കി. ഗതാഗത സംവിധാനത്തിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വൈകിട്ട് അഞ്ച് മണിയോടെ അദ്ദേഹം തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തും. തുടർന്ന് കേന്ദ്രമന്ത്രി ഡൽഹിയിലേക്ക് മടങ്ങും.

&&&&&&&&&&&&&&&&&&

## HEADLINE-3

## AIR INDIA CRASH-PRELIMINARY REPORT

അഹമ്മദാബാദ് വിമാന അപകടത്തിൻറെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ പുറത്തുവിട്ടു. കഴിഞ്ഞ മാസം 12 ന് 260 പേരുടെ ജീവനെടുത്ത അപകടത്തിൻറെ 15 പേജുള്ള റിപ്പോർട്ടാണ് പുറത്ത് വിട്ടത്. വിമാന അപകടത്തിലക്ക് നയിച്ച സംഭവങ്ങൾ, എൻജിൻ തകരാറുകൾ എന്നിവയുടെ വിശദാംശങ്ങളാണ് റിപ്പോർട്ട് പരിശോധിച്ചത്. വിമാനം പറന്നുയർന്ന ഉടൻ വിമാനത്തിലേക്കുള്ള എൻജിനികളുടെ സ്വിച്ചുകൾ ഓഫായതായി റിപ്പോർട്ടിൽ പറയുന്നു. എന്തിനാണ് ഇന്ധന സ്വിച്ച് ഓഫ് ചെയ്തതെന്ന് ഒരു പൈലറ്റ് ചോദിക്കുന്നതും താൻ ഒന്നും ചെയ്തിട്ടില്ലെന്ന് മറ്റൊരു പൈലറ്റ് മറുപടി പറയുന്നതായും കോക്പിറ്റ് വോയിസ് റെക്കോർഡർ പരിശോധനയിൽ വ്യക്തമായി. പിന്നീട് സ്വിച്ച് ഓൺ ചെയ്തെങ്കിലും എൻജിൻ നിയന്ത്രിക്കാനായില്ല. ടേക്കോഫിനും പൊട്ടിത്തെറിക്കും ഇടയിൽ 30 സെക്കൻറ് മാത്രമാണ് ഉണ്ടായിരുന്നത്. ഇരു പൈലറ്റുമാർക്കും മതിയായ വിശ്രമസമയം ലഭിച്ചിരുന്നു. വിമാനത്തിൽ നിറച്ച ഇന്ധനത്തിന്റെ സാമ്പിൾ പരിശോധിച്ചതായും പ്രശ്നങ്ങൾ ഒന്നും കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും കൂടുതൽ വിവരങ്ങൾ പരിശോധിക്കുമെന്നും റിപ്പോർട്ടിലുണ്ട്.

&&&&&&&&&&&&&&&&&&

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## HEADLINE-4

## NIPAH-PALAKKAD

കേരളത്തിൽ നിപ ഭീതി ഒഴിയുന്നു. പാലക്കാട് ജില്ലയിൽ നിപ സ്ഥിരീകരിച്ച തച്ചനാട്ടുകര, കരിമ്പുഴ പഞ്ചായത്തുകളിലെ കണ്ടെയിൻമെൻറ് സോൺ നിയന്ത്രണങ്ങൾ പിൻവലിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. അതേ സമയം സമ്പർക്കവിലക്കിൽ കഴിയുന്ന വ്യക്തികൾ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ അതു തുടരണമെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&

**RAIN-KERALA**

കേരളത്തിൽ ഇന്നും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ള 9 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

**MANN KI BAAT - TALENT HUND**

പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രക്ഷേപണ പരമ്പരയെ അടിസ്ഥാനമാക്കി മേരാ യുവ ഭാരതിന്റെ ആഭിമുഖ്യത്തിൽ, സംഘടിപ്പിക്കുന്ന മൻ കീ ബാത് ടാലന്റ് ഹണ്ട് സീസൺ 5 ന്റെ ഫൈനൽ മത്സരം നാളെ നടക്കും. കഴക്കൂട്ടം മേനംകുളം ജ്യോതിസ് സെൻട്രൽ സ്കൂളിൽ സംഘടിപ്പിക്കുന്ന പരിപാടി കേന്ദ്ര യുവജന കാര്യവകുപ്പ് സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ ഉദ്ഘാടനം ചെയ്യും. മുൻ കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&&&&&

**PM-UNESCO HERITAGE**

യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടംപിടിച്ച് ഇന്ത്യയുടെ 'മറാത്ത സൈനിക ഭൂപ്രദേശങ്ങൾ'. 17-ാം നൂറ്റാണ്ട് മുതൽ 19-ാം നൂറ്റാണ്ട് വരെയുള്ള മറാത്ത സാമ്രാജ്യത്തിന്റെ സൈനിക തന്ത്രങ്ങളുടെയും വാസ്തുവിദ്യാ വൈഭവത്തിന്റെയും പ്രതീകമായ പന്ത്രണ്ട് കോട്ടകളുടെ ശൃംഖലയ്ക്കാണ് അംഗീകാരം. മഹാരാഷ്ട്രയിലെ 11 കോട്ടകളും തമിഴ്നാട്ടിലെ ഒരു കോട്ടയും ഇതിൽ ഉൾപ്പെടുന്നു. പാരീസിൽ ചേർന്ന

ലോക പൈതൃക കമ്മിറ്റി യോഗമാണ് സുപ്രധാന തീരുമാനം കൈക്കൊണ്ടത്. ചരിത്ര നേട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം രേഖപ്പെടുത്തി. ഈ കോട്ടകൾ സന്ദർശിച്ച് മറാത്ത സാമ്രാജ്യത്തിന്റെ സമ്പന്നമായ ചരിത്രത്തെക്കുറിച്ച് പഠിക്കുവാനും ശ്രീ മോദി ജനങ്ങളോട് അഭ്യർത്ഥിച്ചു .

&&&&&&&&&&&&&&&&&&

**EC-BIHAR**

ബിഹാറിലെ വോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായുള്ള പ്രത്യേക പുനഃപരിശോധനയുടെ 74 ശതമാനം പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മിഷൻ. 7.90 കോടി വോട്ടർമാരുടെ അപേക്ഷയാണ് കഴിഞ്ഞ 17 ദിവസത്തിൽ പരിശോധിച്ചതെന്ന് കമ്മിഷൻ വ്യക്തമാക്കി. ഈ മാസം 25 വരെ അപേക്ഷ സമർപ്പിക്കാമെന്നും കമ്മിഷൻ അറിയിച്ചു.

&&&&&&&&&&&&&&&&&&

**HEADLINE-5**

**TEST CRICKE-IND vs ENG**

ലണ്ടനിലെ ലോർഡ്സിൽ നടക്കുന്ന ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫിയുടെ മൂന്നാം ടെസ്റ്റിന്റെ മൂന്നാം ദിനമായ ഇന്ന്, ഇംഗ്ലണ്ടിനെതിരെ ഇന്ത്യ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിക്കും. നിലവിൽ മൂന്ന് വിക്കറ്റിന് 145 റൺസെന്ന നിലയിലാണ് ഇന്ത്യ. അർദ്ധ സെഞ്ചുറിയുമായി കെ എൽ രാഹുലും ഋഷഭ് പന്തുമാണ് ക്രീസിൽ. ഇന്ത്യൻ സമയം ഉച്ചക്ക് 3 30 നാണ് മത്സരം.

&&&&&&&&&&&&&&&&&&

**TRUMP-TEXAS**

യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും പ്രഥമ വനിത മെലാനിയ ട്രംപും ഇന്നലെ വെള്ളപ്പൊക്കബാധിത പ്രദേശമായ ടെക്സസ് സന്ദർശിച്ചു. വെള്ളപ്പൊക്കത്തിൽ 36 കുട്ടികളുൾപ്പെടെ 120 പേരുടെ ജീവൻ നഷ്ടമായ സാഹചര്യത്തിലാണ് പ്രസിഡന്റിന്റെ സന്ദർശനം . ദുരന്തത്തിൽ 160 ലധികം പേരെ കാണാതായിട്ടുണ്ട് . മരണമടഞ്ഞവരുടെയും

കാണാതായവരുടെയും കുടുംബങ്ങളെ സന്ദർശിച്ച ശേഷം ട്രംപ് രക്ഷാപ്രവർത്തകരെയും കോസ്റ്റ് ഗാർഡിനെയും കണ്ടു. മിന്നൽ പ്രളയത്തിൽ തകർന്നയിടങ്ങൾ പുനർനിർമ്മിക്കുന്നതിന് സർക്കാരിന്റെ സഹായം ഉണ്ടാകുമെന്ന് അദ്ദേഹം പ്രദേശവാസികൾക്ക് ഉറപ്പ് നൽകി. യുഎസ് പ്രസിഡൻറ് ദുരന്ത ബാധിത മേഖലകളിൽ വ്യോമ നിരീക്ഷണവും നടത്തി.

&&&&&&&&&&&&&&&&&

## UN CHIEF HOUTHI

ചെങ്കടലിൽ യാത്രാ കപ്പലുകൾക്ക് നേരെ ഹൂതികൾ വീണ്ടും ആക്രമണം നടത്തിയതിനെ ശക്തമായി അപലപിച്ച് ഐക്യരാഷ്ട്ര സഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് . യെമനിലെ സായുധ സംഘമായ ഹൂതികൾ നടത്തിയ ആക്രമണത്തിൽ രണ്ട് വാണിജ്യ കപ്പലുകൾ മുങ്ങുകയും നാല് ജീവനക്കാർ മരിക്കുകയും നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇത് ചെങ്കടലിൽ വീണ്ടും ആക്രമണം തുടങ്ങുന്നതിന്റെ സൂചനയാണെന്ന് യുഎൻ സെക്രട്ടറി ജനറലിന്റെ വക്താവ് സ്റ്റെഫാൻ ഡുജാറിക് ഇന്നലെ പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&